**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3554** **05-08-2021 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ കിൻഫ്ര വ്യവസായ പാർക്കിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ചിറക്കര ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പ് നടപടികളുടെ പുരോഗതി അറിയിക്കാമോ; | (എ) | സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് പ്രാരംഭ പ്രവർത്തനങ്ങൾ കിൻഫ്ര തുടങ്ങി- വെച്ചെങ്കിലും ഭൂമിയുടെ പകുതിയിലധികം ഭാഗങ്ങൾ തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ തുടർ നടപടികൾ കിൻഫ്ര സ്വീകരിച്ചിട്ടില്ല. |
| (ബി) | കിൻഫ്ര വ്യവസായ പാർക്കിനായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന 95.47 ഏക്കർ ഭൂമിയിൽ, തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്ന 46.39 ഏക്കർ ഭൂമി ഒഴിവാക്കി ബാക്കി ഭൂമി വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ; | (ബി) | കൊല്ലം താലൂക്കിൽ പരവൂർ, ചിറക്കര വില്ലേജുകളിൽ ഒരു വ്യവസായ പാർക്കിനായി കണ്ടെത്തിയ 95.47 ഏക്കർ ഭൂമിയിൽ 46.39 ഏക്കർ ഭൂമി റവന്യൂ രേഖകൾ പ്രകാരം "നിലം" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് പ്രസ്തുത ഭൂമി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിക്കുള്ളിൽ വരുന്നതാണ്. നെൽവയൽ ഒഴിവാക്കിയാൽ അവശേഷിക്കുന്ന കരഭൂമി പല ഭാഗങ്ങളിലായി ചിതറിക്കിടക്കുന്നത് നിമിത്തം ഫലപ്രദമായ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നത് അപ്രായോഗികമാണ്. മേൽ ഭൂമി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാൻ കിൻഫ്ര 27/5/2013 - ൽ നൽകിയ അപേക്ഷയിൽ ഇതുവരെ തീരുമാനമായിട്ടില്ല. |
| (സി) | തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്ന ഭൂമി ഒഴിവാക്കി ബാക്കിയുള്ള ഭൂമിയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസങ്ങളുണ്ടോ;എങ്കിൽ അവ എന്തെല്ലാമെന്നും വ്യക്തമാക്കാമോ? | (സി) | കൊല്ലം താലൂക്കിൽ പരവൂർ, ചിറക്കര വില്ലേജുകളിൽ ഒരു വ്യവസായ പാർക്കിനായി കണ്ടെത്തിയ 95.47 ഏക്കർ ഭൂമിയിൽ 46.39 ഏക്കർ ഭൂമി റവന്യൂ രേഖകൾ പ്രകാരം "നിലം" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് പ്രസ്തുത ഭൂമി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിക്കുള്ളിൽ വരുന്നതാണ്. നെൽവയൽ ഒഴിവാക്കിയാൽ അവശേഷിക്കുന്ന കരഭൂമി പല ഭാഗങ്ങളിലായി ചിതറിക്കിടക്കുന്നത് നിമിത്തം ഫലപ്രദമായ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നത് അപ്രായോഗികമാണ്. മേൽ ഭൂമി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ |

| | | | |
|---|---|---|---|
| | | | നിന്നും ഒഴിവാക്കാൻ കിൻഫ്ര 27/5/2013 - ൽ നൽകിയ അപേക്ഷയിൽ ഇതുവരെ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ